DESPATCHED On...7/.6/..2020
17.2.2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2512*(7)/2014*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 15325/*എസ്.ഐ.സി–ജി 6/2014*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീമതി കുളമുള്ളകണ്ടി ധനലക്ഷ്മി,
കാടാൻ കുളങ്ങര ഹൗസ്,
പി.ഒ.മുണ്ടേരി, ഏച്ചൂർ – 670 591** } **അപ്പീൽ ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വേങ്ങാട് ഗ്രാമപഞ്ചായത്ത് കാര്യാലയം,
കൈതേരിപ്പൊയിൽ പി.ഒ, പി.ഒ പാതിരിയാട്,
കണ്ണൂർ – 670 741.**

2. **അപ്പീൽ അധികാരി,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.03.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.04.2014 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.05.2014 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 14.07.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.09.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04.10.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു(Representative)<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി കുളമുള്ളകണ്ടി ധനലക്ഷ്മി, 29.09.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കുവാൻ അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും സ്റ്റേറ്റ് പബ്ലിക് ഇൻഫർഷേമൻ ഓഫീസർ വിവരം ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരി 06.03.2014 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, റി.സ.നം.38/3ൽപ്പെട്ട സ്ഥലത്ത് പുതിയിടത്ത് സുരേഷ് ബാബു, S/o വാനമ്പേത്ത് കുമാരൻ, പുതിയടത്ത് ഷീല, D/o വാനമ്പേടത്ത് കുമാരൻ എന്നിവർ കൈവശം വെച്ചിരിക്കുന്ന സ്ഥലത്തുള്ള പഴയ കെട്ടിടം പൊളിച്ച് കെട്ടിടം പുതുതായി നിർമ്മിച്ചതുമായി ബന്ധപ്പെട്ട് 6 വിവരങ്ങളായിരുന്നു:

3. അപ്പീൽ അധികാരി 06.12.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലായെന്നാരോപിച്ചാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും ടി അപ്പീലിന്മേൽ നടപടി സ്വീകരിക്കുന്നതിനായി ഇരുകക്ഷികളെയും നേരിൽ കേൾക്കുകയും നേർവിചാരണയിൽ അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ 04.04.2014 ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയതായി ബോധ്യപ്പെടുകയും ചെയ്തു. എന്നാൽ അപ്പീൽ ഹർജിക്കാരിക്ക് 04.04.2014 ന് മറുപടി നൽകിയതുമായി ബന്ധപ്പെട്ട രേഖകളൊന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരാക്കിയില്ല. ആയതിനാൽ അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ടിയാൾക്ക് ലഭ്യമാക്കേണ്ടതാണെന്നും ആയത് ടിയാൾ കൈപ്പറ്റിയെന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും കാണിച്ച് നിർദ്ദേശം നൽകികൊണ്ട് അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകി എന്നുംമറ്റുമാണ്.

5. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 21.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരിക്ക് പകരം ടിയാളുടെ ഭർത്താവും ഹാജരായിരുന്നു.

6. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് അപ്പീലിന്മേൽ ഉത്തരവ് ആയത് അനുസരിച്ച് 07.08.2014 ന് ടിയാൾ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കിയെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. സമയബന്ധിതമായി മറുപടി ലഭ്യമായില്ലായെന്ന് അപ്പീൽ ഹർജിക്കാരി കമ്മീഷനിൽ മൊഴി നൽകിയതിനാൽ 04.04.2016 ന് മറുപടി നൽകിയെന്നതിന്റെ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും എതിർകക്ഷി ഹാജരാക്കുകയുണ്ടായി. അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷികൾ നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM